# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി

**02.04.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം ഉച്ച കഴിഞ്ഞ് 3.15ന് ബഹു. പഞ്ചായത്തുവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റ് നോർത്ത് കമ്മിറ്റി ഹാളിൽ ആരംഭിച്ചു. ബഹു. നഗരകാര്യ വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.03.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2012-13 വാർഷിക പദ്ധതി നിർവഹണം അവലോകനം

സംസ്ഥാനത്ത് മാർച്ച് 31 വരെ ഗ്രാമപഞ്ചായത്തുകൾ 73.15 ശതമാനം പദ്ധതി തുക ചെലവഴിച്ചു. 13 ഗ്രാമപഞ്ചായത്തുകൾ 100 ശതമാനം പദ്ധതി തുക ചെലവഴിച്ചു. 60 ശതമാനത്തിൽ താഴെ തുക ചെലവഴിച്ച 63 ഗ്രാമപഞ്ചായത്തുകൾ ഉണ്ടെന്നും യോഗം നിരീക്ഷിച്ചു. ബ്ലോക്ക് പഞ്ചായത്തുകൾ മൊത്തത്തിൽ 82 ശതമാനം പദ്ധതി തുക ചെലവഴിച്ചിട്ടുണ്ട്. 60 ശതമാനത്തിൽ താഴെ തുക ചെലവഴിച്ച 3 ബ്ലോക്ക് പഞ്ചായത്തുകൾ ഉണ്ടെന്നും യോഗം വിലയിരുത്തി. ജില്ലാ പഞ്ചായത്തുകൾ 70 ശതമാനം മുതൽ 80 ശതമാനം വരെ തുക ചെലവാക്കിയിട്ടുണ്ട്. മുനിസിപ്പാലിറ്റികളുടെ പദ്ധതി ചെലവ് ആകെ 64 ശതമാനം ആണെന്നും ഏറ്റവും കൂടുതൽ തുക ചെലവാക്കിയത് മലപ്പുറം നഗരസഭയാണെന്നും (99.5 ശതമാനം)യോഗം നിരീക്ഷിച്ചു.കോർപ്പറേഷനുകൾ 63 ശതമാനം പദ്ധതി തുകയാണ് 2012-13 വർഷം ചെലവാക്കിയത്. ഏറ്റവും കൂടുതൽ ചെലവാക്കിയത് തിരുവനന്തപുരം കോർപ്പറേഷനും (80 ശതമാനവും) കുറവ് കൊല്ലം കോർപ്പറേഷനുമാണ് (37 ശതമാനം).

**2.2** 60 ശതമാനവും അതിൽ കൂടുതലും ചെലവാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാക്കി വരുന്ന തുക ക്യാരിഓവർ ചെയ്യാവുന്നതാണ്.

**2.3** എസ്.സി.പി, റ്റി.എസ്.പി ഫണ്ടുകൾക്ക് ഷോർട്ട്ഫാൾ ഉണ്ടാകുകയില്ല. ബാലൻസ് തുക മുഴുവനും ക്യാരിഓവർ ചെയ്യാവുന്നതാണ്.

**2.4** 60 ശതമാന ചെലവായ തുക കണക്കാക്കുമ്പോൾ ലോകബാങ്ക് ധനസഹായം, എസ്.സി.പി, റ്റി.എസ്.പി ഫണ്ടുകൾ എന്നിവ ഒഴിവാക്കുന്നതാണ്.

**2.5** 2012-13 പദ്ധതി ചെലവ് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് തയ്യാറാക്കണമെന്ന് യോഗം തീരുമാനിച്ചു.

**2.6** 2012-13 വാർഷിക പദ്ധതി 100 ശതമാനം ചെലവ് ചെയ്ത സ്ഥാപനങ്ങളെ യോഗം അഭിനന്ദിച്ചു.

**2.7** 2013-14 പദ്ധതി രൂപീകരണം വിലയിരുത്തിയ യോഗം ഇതുവരെ 10000 പ്രോജക്ടുകൾ എൻട്രി ചെയ്തിട്ടുണ്ടെന്ന് നിരീക്ഷിച്ചു. 6 പഞ്ചായത്തുകൾ പദ്ധതി ആരംഭിച്ചിട്ടുണ്ട്

**2.8** പദ്ധതി രൂപീകരണത്തിന്റെ എല്ലാ നടപടിക്രമങ്ങളും പൂർത്തിയായ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ എൻട്രി ചെയ്യാവുന്നതാണ്.

**2.9** പുതിയ പ്രോജക്ടുകൾ തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിലെ എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്.

**2.10** മൂന്നാം വർഷ പ്രോജക്ടുകൾ ഈ വർഷം തന്നെ രൂപീകരിക്കേണ്ടതുണ്ടെന്ന് യോഗം തീരുമാനിച്ചു. അതിനായി ആഗസ്റ്റിൽ ഗ്രാമ/വാർഡുസഭകൾ കൂടേണ്ടതാണ്.

**2.11** ഈ വർഷം ഡിസംബർ മാസമാകുമ്പോൾ 2013-14 വാർഷിക പദ്ധതി ചെലവുകൾ പൂർത്തീകരിക്കേണ്ടതും 2014 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 2014-15, 2015-16 വർഷങ്ങളിലേയ്ക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുമാണ്.

**2.12** 2012-13-ലെ പദ്ധതി അന്തിമമാക്കുന്നത് സംബന്ധിച്ചും 2013-14-ലെ പദ്ധതികൾ സുലേഖയിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ചും പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. 2013-14 വാർഷിക പദ്ധതി അംഗീകാരംവരെയുള്ള നടപടികൾ 2013 മെയ് 31-നു മുൻപ് പൂർത്തീകരിക്കേണ്ടതാണ്. മെയ് 31-നു ശേഷം പ്രോജക്ടുകൾ എൻട്രി ചെയ്യാൻ സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യമുണ്ടാകുകയില്ലെന്നും യോഗം തീരുമാനിച്ചു.

**2.13** ഡി.പി.സി. അംഗീകാരം ലഭിച്ചശേഷമായിരിക്കണം പദ്ധതികൾ നിർവഹണം തുടങ്ങേണ്ടതെന്ന് യോഗം തീരുമാനിച്ചു. ക്യാരിഓവർ പ്രോജക്ടുകൾ ഈ മാസം ചെയ്യേണ്ടതാണെന്ന് തീരുമാനിച്ചു. 2013-14 പദ്ധതികളുടെ റിവ്യൂ ഡിസംബറിൽ നടത്തേണ്ടതാണ്.

**2.14** സംസ്ഥാന ബജറ്റ് 2012 -13ന്റെ അനുബന്ധം IV അനുസരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അർഹമായ തുക ലഭിച്ചിട്ടില്ലെന്ന് വ്യാപകമായ പരാതി ഉണ്ടായ സാഹചര്യത്തിൽ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ ധനകാര്യ വകുപ്പുമായി ആലോചിച്ച് തീരുമാനങ്ങൾ എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

**2.15** അനുബന്ധം IV ൽ തുക വകയിരുത്തിയിക്കുന്നത് സംബന്ധിച്ച് പരാതിയുള്ള സ്ഥാപനങ്ങൾ എഡി.സി/ഡി.ഡി.പി എന്നിവരും ലോക്കൽ ഫണ്ട് ഓഡിറ്റും സർട്ടിഫൈ ചെയ്ത സ്റ്റേറ്റ്മെന്റ് ആവശ്യമായ രേഖകൾ സഹിതം 15 പ്രവൃത്തി ദിവസത്തിനകം വകുപ്പു തലവൻമാർ മുഖേന സർപ്പിക്കേണ്ടതാണ്. ഭേദഗതി ധനകാര്യ വകുപ്പ് അംഗീകരിച്ചു കഴിഞ്ഞാൽ പിന്നെ മാറ്റം സാധ്യമല്ലാത്തതുമാണ്.

**2.16** തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് തിരുവനനന്തപുരം, കോഴിക്കോട് സർക്കിൾ ഓഫീസിലേക്ക് ഓരോ കമ്പ്യൂട്ടർ നൽകാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ യോഗത്തെ അറിയിച്ചു.

**2.17** സംസ്ഥാനത്തെ പഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നൽകയ ഡാറ്റാഎൻട്രി ഓപ്പറേറ്റർമാരുടെ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകാൻ തീരുമാനിച്ചു.

## 3. പ്രത്യേക വിഷയങ്ങൾ

### 3.1 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ കാസറഗോഡ് ജില്ലാ കമ്മിറ്റി തീയതി 02.04.2013

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ആവശ്യപ്പെട്ട വിഷയത്തിന് 2.15 ഇനമായിട്ടുള്ള തീരുമാനം ബാധകമാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്**

**(ബഹു. വ്യവസായ-ഐ.ടി. മന്ത്രി മുഖേന സമർപ്പിച്ചത്) തീയതി 02.04.2013**

വികസനഫണ്ട് ഉപയോഗിച്ച് റോഡുകളുടെ പുനരുദ്ധാരണം നടത്താനുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം പരിഗണനാർഹമല്ലെന്ന് യോഗം അഭിപ്രായപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് തീയതി. 02.04.2013**

ഗുണഭോക്താക്കളായ കുട്ടികളുടെ എണ്ണവും ഏതുതരം വാഹനം ഏർപ്പാടാക്കാൻ ഉദ്ദേശിക്കുന്നതെന്ന വിവരവും ഉൾപ്പെടെയുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 തിരുവനന്തപുരം നഗരസഭ (ഫയൽ നം.18737/ഡി.എ3/13)**

**തീയതി. 02.04.2013**

1) വനിതകൾ കുടുംബനാഥയായിട്ടുള്ള കുടുംബങ്ങളിൽ 65 വയസ്സു കഴിഞ്ഞതും സ്വന്തമായി വരുമാനമില്ലാത്തതുമായ പുരുഷൻമാരുണ്ടെങ്കിലും ധനസഹായം നൽകാവുന്നതാണ്.

2) വീടിന് സ്ഥലം എന്നതിന് നിലവിലുള്ള രീതി തന്നെ തുടരേണ്ടതാണെന്ന് തീരുമാനിച്ചു.

3) 4) } വസ്തുവിന്റെ രജിസ്ട്രേഷനും കരാറും സംബന്ധിച്ച് 07.03.2013-ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം തീരുമാനിച്ചിട്ടുണ്ട്.

5) വീടുകളുടെ പുനരുദ്ധാരണത്തിന് 50 ശതമാനം തുക മുൻകൂറായി നൽകാമെന്ന തീരുമാനമുണ്ടെന്ന് യോഗം നിരീക്ഷിച്ചു.

6) ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് നിലവിലുള്ള രീതി തുടരേണ്ട താണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 805/ഡി.ഡി2/13/തസ്വഭവ)**

**തീയതി.02.04.2013**

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം സംബന്ധിച്ച് 25.03.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം അനുസരിച്ച് ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 മങ്കട ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 18653/ഡി.ഡി2/13/തസ്വഭവ)**

**(തീയതി .02.04.2013)**

ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം പരിഗണനാർഹമല്ലെന്ന് യോഗം അഭിപ്രായപ്പെട്ടു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 എടവനക്കാട് ബ്ലോക്ക് പഞ്ചായത്ത്**

**(ഫയൽ നം. 19650/ഡി.ഡി2/13/തസ്വഭവ) (തീയതി. 02.04.2013)**

ബുക്ക്മാർക്കിൽ നിന്ന് പുസ്തകം വാങ്ങണമെന്ന നിർദ്ദേശത്തോടെ ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 പയ്യാവൂർ ഗ്രാമപഞ്ചായത്ത് (തീയതി. 02.04.2013)**

എസ്.സി.പി, റ്റി.എസ്.പി ഫണ്ടുകളുടെ പുനക്രമീകരണം സംബന്ധിച്ച് ധനകാര്യ വകുപ്പ് നടപടിയെടുക്കണമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 പാവറട്ടി ഗ്രാമപഞ്ചായത്ത്**

**(ഫയൽ നം. 9720/എഎ3/13/തസ്വഭവ)തീയതി.02.04.2013**

പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ ആവശ്യം സമയ പരിധി കഴിഞ്ഞ സാഹചര്യത്തിൽ പരിഗണിക്കേണ്ടതില്ലെന്ന് 07.03.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം തീരുമാനിച്ചതാണെന്നും ഇത് സംബന്ധിച്ച് ഫയലിൽ മേൽ നടപടി ആവശ്യമില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 മലപ്പുറം നഗരസഭ (തീയതി. 02.04.2013)**

CPAP ഉപകരണം വാങ്ങുന്നതിന് നഗരസഭയുടെ തനതുഫണ്ട് ഉപയോഗിക്കാവുന്നതാണെന്ന് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് (തീയതി. 02.04.2013)**

പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടച്ച നടപടി ഇപ്രാവശ്യത്തേക്ക് അംഗീകരിച്ച് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് (തീയതി.02.04.2013)**

സബ്സിഡി മാർഗരേഖയിലെ വ്യവസ്ഥ പ്രകാരം എസ്.സി/എസ്.റ്റി. വിഭാഗങ്ങൾക്ക് ഫർണിച്ചർ നൽകാം എന്നാൽ കട്ടിൽ നൽകുന്നത് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാവുന്നതല്ലെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം വൈകുന്നേരം 5.ന് അവസാനിച്ചു)**